K24U 1733

Reg. No.: ...............................

Name : ...................................

NAVAJYOTHI COLLEGE
KANNUR DT. 670511
POST BAG No: 5, CHERUPUZHA

**Second Semester B.A./B.Sc. Degree (CBCSS – OBE-Regular/ Supplementary/Improvement) Examination, April 2024**
**(2019 Admission Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**2A08 MAL : കവിതാ മാതൃകകൾ**

Time : 3 Hours Max. Marks : 40

I. **ഓരോന്നും 300** വാക്കിൽ കവിയാതെ ഏതെങ്കിലും **2** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ശൂർപ്പണഖാഗമനം എന്ന ഭാഗത്തെ ആസ്പദമാക്കി എഴുത്തച്ഛന്റെ കാവ്യഭാഷയെക്കുറിച്ച് വിവരിക്കുക.

2) ബദറുൽമുനീർ ഹുസ്നുൽ ജമാൽ എന്ന കൃതിയെ മുൻനിർത്തി, മാപ്പിളപ്പാട്ട് കൃതികളുടെ സവിശേഷതകളെ കുറിച്ച് വിവരിക്കുക.

3) 'കേരളത്തിലെ കാർഷിക ജീവിതവും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ കാവ്യാവിഷ്കാരമാണ് കാലവർഷമേ നന്ദി എന്ന കവിത' – വിശദമാക്കുക.

4) 'ബഹുസ്വരതയുടെ ആവിഷ്കാരമാണ് ഉത്തരാധുനിക മലയാള കവിത' – ഈ അഭിപ്രായം ശരിയോ ? ചർച്ച ചെയ്യുക. **(2×7=14)**

II. ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 150** വാക്കിൽ കവിയരുത്.

5) മനുഷ്യന്റെ സൃഷ്ടിയെക്കുറിച്ച് വേദവിഹാരത്തിൽ കവി ആവിഷ്ക്കരിക്കുന്നതെങ്ങനെ ?

6) ശരത്കാലത്തെ ചെറുശ്ശേരി വർണിക്കുന്നതെങ്ങനെ ?

7) പുകയില്ലാത്ത അടുപ്പുകളുടെ ഉപമ എന്ന കവിതയിലെ ബിംബകല്പനകളുടെ സവിശേഷതകൾ ചർച്ച ചെയ്യുക.

P.T.O.

8) ഞങ്ങടെ പാട്ടിനു കൂട്ടുകുടം തുടി
കിണ്ണം തംബുരുവോടക്കുഴലും
ഞങ്ങളുടെ പാട്ടിൽത്തേനും പാലും
തെങ്ങിളനീരും നറുമുന്തിരിയും
– ഈ വരികളിലെ സാമൂഹികവും സാംസ്കാരികവുമായ പ്രാധാന്യം വിശകലനം ചെയ്യുക.

9) അട്ടപ്പാടിതൻ അഴൽക്കുന്നുകളിന്നും ബാക്കി
വെട്ടിയ മരക്കുറ്റി കുരിശിൻനിര ബാക്കി
– കവി ഇങ്ങനെ കുറിക്കാനിടയായ സാഹചര്യമെന്ത് ?

10) 'മാനവവീരനവളോടരുൾചെയ്തിടിനാൻ'
അരുളിച്ചെയ്തതെന്തെല്ലാം ? **(4×3=12)**

III. ഏതെങ്കിലും 4 ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 100 വാക്കിൽ കവിയരുത്.

11) മദിത്ത് ഖുബ്ബമുകളിലേറി
നിദംഅദിശാപുദുമറാവി
– സന്ദർഭവും ആശയവും എഴുതുക.

12) ഫലിച്ചിതോസഖീ, നിന്റെ പ്രയത്നവല്ലരി, രസം
കലർന്നിതോഫലം, ചൊൽക കനിയായിതോ ?
ആരാണിങ്ങനെ ചോദിച്ചത് ? കാരണമെന്ത് ?

13) പെരുത്തകാലമായി ഇരുപ്പതെങ്കിലും
മടിച്ചുനമ്മളീ കുടയെടുക്കുവാൻ
– ഈ വരികളിലൂടെ പ്രകടമാകുന്ന ആശയതലം എഴുതുക.

14) പെരുവഴിയെ നടന്നാൽ
അടിച്ചോടിക്കുമായിരുന്ന
ഒരു കാലമുണ്ടായിരുന്നു.
നീ വിശ്വസിക്കുമോ ?
– ഈ വരികളിലൂടെ ആവിഷ്ക്കരിക്കുന്ന ചരിത്രം വിശകലനം ചെയ്യുക.

